Draft #20 of File 43734/AD A1.2/2019/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 14-Jan-2025 04:39 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ, സെക്ഷൻ ഓഫീസർമാർ എന്നിവരുടെ സ്ഥലംമാറ്റം, നിയമനം, അധിക ചുമതല നൽകൽ - നടപ്പിലാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 349/AD A1/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.01.2025

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 237/ADC5/2025/എം.ജി.യു., തീയതി:10.01.2025.
2. വൈസ് ചാൻസലറുടെ 13.01.2025 തീയതിയിലെ വി.സി.702/1/002/2025 നമ്പർ കുറിപ്പ്.
3. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 18/AD A1/2025/എം.ജി.യു., തീയതി: 01.01.2025.
4. സർക്കുലർ നമ്പർ : 15874/AD A1/2/എ ഡി എ 1/ AD A1, തീയ്യതി: 07.08.2023.
5. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 11799/AD A1/2022/എം.ജി.യു., തീയതി: 21.11.2022.
6. സർക്കുലർ നമ്പർ Ad.AI-3-246/2016, തീയതി : 31.05.2016

**ഉത്തരവ്**

ശ്രീമതി സവിത രവീന്ദ്രൻ (PEN-2406), സെക്ഷൻ ഓഫീസർ, Ac A4 സെക്ഷൻ, പരാമർശം (1) പ്രകാരം 76 ദിവസത്തെ അവധിയിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി ഗായത്രി വി.ആർ.(PEN-2566), സെക്ഷൻ ഓഫീസർ, CBCSS 17 സെക്ഷൻ-നെ Ac A4 സെക്ഷനിലേക്ക് പരാമർശം (2) പ്രകാരം ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിക്കുന്നു. CBCSS 2 സെക്ഷന്റെ സെക്ഷൻ ഓഫീസർ ശ്രീ. കലേഷ് കുമാർ സി.ടി.(PEN-2866)-ക്ക് CBCSS 17 സെക്ഷന്റെ അധികചുമതല താൽക്കാലികമായി നൽകുന്നു.

ഭരണ വിഭാഗം IQAC സെക്ഷനിലെ സെക്ഷൻ ഓഫീസർ ഡോ. രതീഷ് കുമാർ എസ്., പരീക്ഷാ വിഭാഗം EN 15 -ലെ സെക്ഷൻ ഓഫീസർ ശ്രീ. ജയരാജ് ബി., എന്നിവരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നത് 15.01.2025 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ചുവടെ പരാമർശിച്ചിരിക്കുന്ന സ്ഥലംമാറ്റം, നിയമനം എന്നിവ 16.01.2025 പ്രാബല്യത്തിൽ നടപ്പിലാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ഡോ. രതീഷ് കുമാർ എസ്.(PEN-2404), സെക്ഷൻ ഓഫീസറെ പരാമർശം (4) പ്രകാരം സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ് -ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമിക്കുന്നു.

2. ശ്രീ. ജയരാജ് ബി. (PEN-2504), സെക്ഷൻ ഓഫീസർ, EN 15 സെക്ഷൻ -നെ IQAC സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

3. ശ്രീമതി ഉമ ശ്രീനിവാസൻ (PEN-2793), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ് -നെ EN 15 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

Draft #20 of File 43734/AD A1.2/2019/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 14-Jan-2025 04:39 PM - Page 2

ഡോ. രതീഷ് കുമാർ എസ്.-ന്റെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്-ലേക്കുള്ള നിയമന കാലാവധി, നിയമന ഉത്തരവ് തീയതി മുതൽ പരമാവധി മൂന്ന് വർഷക്കാലയളവിലേക്കായി നിജപ്പെടുത്തിയിരിക്കുന്നു.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ നിലവിലുള്ള നിബന്ധനകൾക്ക് പുറമെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.ടി. സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും പ്രസ്തുത വിവരം CTC -യോടൊപ്പമുള്ള സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ്‌വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (6) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് എ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/എഫ്.സി.സി./ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. എഡി.സി.-4/5/ഐ.ക്യൂഎ.സി./ഐ.ടി. സെൽ-1/2/3
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ